ഹയർ സെക്കൻഡറി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**EX-II/1/9890/HSE/2018** **തീയതി : 21 /05/2018**

# സർക്കുലർ

വിഷയം :- ഹ.സെ.വി- ഹയർ സെക്കന്ററി 'സേ' (SAY) പരീക്ഷ ജൂൺ 2018- പ്രായോഗിക പരീക്ഷ - സംബന്ധിച്ച്.

സൂചന :- 09/05/2018-ലെ സേ പരീക്ഷാ വിജ്ഞാപനം.

2018 മാർച്ചിലോ അതിനുമുമ്പോ (കമ്പാർട്ട്മെന്റൽ) ഹയർ സെക്കന്ററി പ്രായോഗിക പരീക്ഷയ്ക്ക് ഹാജരാകാതിരുന്ന പരീക്ഷാർത്ഥികൾക്ക്, 2018 മാർച്ചിൽ ലഭിച്ച ഹാൾടിക്കറ്റ് ഉപയോഗിച്ച് തന്നെ '' സേ'' പരീക്ഷയുടെ പ്രായോഗിക പരീക്ഷയ്ക്ക് ഹാജരാകാവുന്നതാണ് (പ്രായോഗിക പരീക്ഷയ്ക്ക് മാത്രം).

സ്കൂൾ പ്രിൻസിപ്പൽമാർ അതാത് വിഷയങ്ങളിലെ ജില്ലാ ചീഫ് എക്സാമിനറുമായി (മാർച്ച് 2018 -ലെ ഹയർ സെക്കന്ററി പ്രായോഗിക പരീക്ഷയ്ക്ക് നിയുക്തരായവർ) ബന്ധപ്പെട്ട് ടി പരീക്ഷാർത്ഥികൾക്ക് പ്രായോഗിക പരീക്ഷ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. അതത് വിഷയത്തിലെ ചീഫ് എക്സാമിനർ, സൗകര്യപ്രദമായ ''സേ'' പരീക്ഷാകേന്ദ്രത്തിൽ വച്ച് ടി വിദ്യാർത്ഥികൾക്ക് മെയ് 28 നും മെയ് 29 നും പ്രായോഗിക പരീക്ഷ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

ഒപ്പ്/-

**ജോയിന്റ് ഡയറക്ടർ**
**(പരീക്ഷാവിഭാഗം)**